ഉത്തരം

(എ) കേരള ഭരണപരിഷ്കാര സമിതി (1997) സമർപ്പിച്ചിട്ടുള്ള ശുപാർശകളിൽ ഇക്കാര്യവും പരിശോധിച്ചുവരികയാണ്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

സർവ്വീസ് കേസുകൾക്ക് ആധാരമായ ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

23 (2974) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഹൈക്കോടതിയിൽനിന്നും സർക്കാരിനെതിരെ ഉത്തരവുണ്ടാവുന്ന സർവ്വീസ് കേസുകളിൽ കോടതിയിൽ പോകുവാൻ ആധാരമായ ഉത്തരവു പുറപ്പെടുവിച്ച ഉദ്യോഗസ്ഥനിൽ നിന്നും സർക്കാരിന് ചെലവായ തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കാലാ കാലങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നയങ്ങളുടെയും പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ തീരുമാനമെടുക്കുന്നതും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതും ഹൈക്കോടതിയിൽ നിന്നും ഇത്തരം ഗവൺമെന്റ് ഉത്തരവുകൾക്കെതിരായി വിധി ഉണ്ടാകുമ്പോൾ അതിൽ തീരുമാനമെടുത്തവരോ ബന്ധപ്പെട്ട മറ്റുള്ളവരോ ആയ ഉദ്യോഗസ്ഥർക്കെതിരെ കോടതിവിധിയിൽ പരാമർശമുണ്ടായാൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ബോധപൂർവ്വമായ വീഴ്ച കൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം അവരിൽ നിന്ന് സർക്കാരിന് ചെലവായ തുക ഈടാക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

സർക്കാർ ജീവനക്കാർക്ക് പൊതുജനസമ്പർക്ക പരിശീലനം നൽകാൻ നടപടി

24 (2975) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പദ്ധതികളുടെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥർക്ക് "പൊതുജന സമ്പർക്ക പരിശീലനം" നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly